(സി) അഞ്ചാം ക്ലാസിൽ ഒറു ഡിവിഷൻ മാത്രമുള്ള സ്കൂളുകളിൽ ഹിന്ദി അധ്യാപക തസ്തിക അനുവദനീയമല്ല. നാലു മുതൽ 14 വരെ പീരിഡ് ഉണ്ടെങ്കിൽ ഒരു പാർട്ട് ടൈം തസ്തിക അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ആസ്ബറ്റോസ് ഷീറ്റിട്ട ഹാളിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ കെട്ടിടങ്ങൾ**

**17 (2019)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആസ്ബറ്റോസ് ഷീറ്റിട്ട ഹാളിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ കെട്ടിടങ്ങൾ ഉണ്ടോ ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ആസ്ബറ്റോസ് ഷീറ്റിട്ട ഹാളിൽ ഇരുന്നു പഠിക്കുന്നത് കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അങ്ങനെയുള്ള ഹാളുകൾ പൊളിച്ചു നീക്കുവാൻ വേണ്ട സത്വര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) സംസ്ഥാനത്തെ സ്കൂളുകളുടെ ആസ്ബറ്റോസ് മേൽക്കൂരകൾ കുട്ടികളുടെ ആരോഗ്യം മുൻനിർത്തി മാറ്റണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകൾ**

**18 (2020)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പോസ്റ്റ് ചെയ്തിട്ടുള്ള സ്കൂളുകളിൽ ഡിവിഷൻ ഫാൾ വരുമ്പോൾ പി.എസ്.സി. നിയമനം ലഭിച്ച അദ്ധ്യാപകരെ മാറ്റുന്ന നടപടി പുനഃപരിശോധിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം V

[22-2-2011-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 17 (2019) കാണുക]

## ആസ്ബറ്റോസ് ഷീറ്റിട്ട ഹൈസ്കൂൾ കെട്ടിടങ്ങൾ

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 32 |
| 2. | കൊല്ലം | 6 |
| 3. | ആലപ്പുഴ | 19 |
| 4. | പത്തനംതിട്ട | 4 |
| 5. | കോട്ടയം | 31 |
| 6. | ഇടുക്കി | 52 |
| 7. | എറണാകുളം | 7 |
| 8. | തൃശ്ശൂർ | 2 |
| 9. | പാലക്കാട് | 15 |
| 10. | മലപ്പുറം | 36 |
| 11. | കോഴിക്കോട് | 24 |
| 12. | വയനാട് | 4 |
| 13. | കണ്ണൂർ | 1 |
| 14. | കാസർഗോഡ് | 18 |

LIBRARY ARCHIVES Kerala Legislative Assembly